LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബിയുടെ പ്രവർത്തനം

88(98) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ് വ്യവസ്ഥയെ കരുത്തുറ്റതാക്കി മാറ്റുന്നതിൽ കിഫ്ബി വഹിക്കുന്ന പങ്കിനെക്കുറിച്ച് വിശദമാക്കാമോ?

സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. സർക്കാരിന്റെ ഭാവി വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ നേടുന്നത്. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്യുകൊണ്ട് ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തു നിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയുടെ സ്ഥാപിതലക്ഷ്യം. കിഫ്ബി മുഖേന നാളിതു വരെ ആകെ 63,257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇത്തരം അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ വഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തികവും, സാംസ്കാരികവും, ആരോഗ്യ, വിദ്യാഭ്യാസ, വ്യവസായിക മേഖലകളുടെ വികസനം സാദ്ധ്യമാവുകയും കൂടാതെ ഇത്തരത്തിലുള്ള വികസന പ്രവർത്തന രീതി കോവിഡ് പ്രതിസന്ധികാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്. കിഫ്ബി പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം രചിക്കപ്പെടും.

(ബി) കിഫ്ബി വിവിധ മേഖലകളിലായി അംഗീകരിച്ചിട്ടുള്ള പദ്ധതികൾ ആകെ എത്ര തുകയുടേതെന്നും ഏതൊക്കെ പ്രധാന മേഖലകളിലെ പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നതെന്നും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബി വിവിധ മേഖലകളിലായി അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ ആകെ തുകയും അവ ഏതൊക്കെ മേഖലകളിലെ പദ്ധതികളാണെന്നുമുള്ള വിവരം അനുബന്ധമായി നൽകുന്നു.*

(സി) കിഫ്ബിക്കെതിരെ ചിലർ സി&എ.ജി. ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ സംഘടിത നീക്കം നടത്തുന്നതായുള്ള ആക്ഷേപം പരിശോധിക്കുമോ?

2016-ൽ ഐകകണ്ഠ്യേനയാണ് കേരള നിയമസഭാ കിഫ്ബി ഭേദഗതി നിയമം പാസ്സാക്കിയത്. തുടർന്നുള്ള കാലയളവിൽ സമാനതകളില്ലാത്ത പ്രവർത്തന മികവാണ് കിഫ്ബി എന്ന സ്ഥാപനം കാഴ്ചവച്ചത്. വളരെ പ്രൊഫഷണലായുള്ള പ്രവർത്തനരീതികളാണ് കിഫ്ബിയെ ഇതിന് സഹായിച്ചത്. ചുരുങ്ങിയ കാലയളവിൽ തന്നെ കിഫ്ബി ആഭ്യന്തര അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ പിടിച്ചുപറ്റി. മാറ്റങ്ങൾ കൺമുൻപിൽ കണ്ടു തുടങ്ങി. ഇങ്ങനെ നാളത്തെ കേരളത്തെ നിർവ്വചിക്കുന്ന ഒരു സംവിധാനമായി കിഫ്ബി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു. ഈ കാലയളവിലെല്ലാം തന്നെ കിഫ്ബിയെ മോശമായി ചിത്രീകരിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധ കോണുകളിൽനിന്നും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള എല്ലാ ആക്ഷേപങ്ങൾക്കും ആശങ്കകൾക്കും സമയാസമയം വിവിധ മാർഗ്ഗങ്ങളിലൂടെ കൃത്യമായ വിശദീകരണം നൽകുവാൻ സർക്കാരിനും കിഫ്ബിക്കും കഴിഞ്ഞു. ഉചിതമായ ഈ ഇടപെടലുകളിലൂടെ പൊതുജനങ്ങൾക്ക് കിഫ്ബിയോടും അതിന്റെ പ്രവർത്തനങ്ങളോടുമുള്ള വിശ്വാസം കാത്തുസൂക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര- അന്താരാഷ്ട്ര നിക്ഷേപകരെയും പൊതുജനങ്ങളെയും പൂർണ്ണമായും വിശ്വാസത്തിലെടുത്ത് മാത്രമേ കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിന് മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ. അതിനാൽ ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകുവാനും, കിഫ്ബി മുഖേനയുള്ള കേരളത്തിന്റെ സുപ്രധാന അടിസ്ഥാന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കുവാനുമാണ് ഈ സർക്കാരിന്റെ തീരുമാനം.

(ഡി) ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ എന്ന പേരിൽ കിഫ്ബിക്ക് സമാനമായ സംവിധാനം കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ടോ; അതിനെ അനുകൂലിക്കുന്നവരും വിയോജിപ്പ് പ്രകടിപ്പിക്കാത്തവരും സംസ്ഥാനത്തെ സംവിധാനം അട്ടിമറിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കം നിഷ്ഫലമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ ബാങ്ക് ഫോർ ഫൈനാൻസിംഗ് ഇൻഫ്രാസ്ട്രാക്ചർ ഡെവലപ്മെന്റ് (NBFID) എന്ന പേരിൽ ഒരു ബിൽ 2021-ൽ ലോക് സഭയിൽ അവതരിപ്പിക്കുകയുണ്ടായി. അടിസ്ഥാന സൗകര്യപദ്ധതികൾക്ക് വേണ്ട ധനസമാഹരണത്തിനുള്ള ഒരു നോഡൽ ഏജൻസിയായി ആകും NBFID പ്രവർത്തിക്കുക. കിഫ്ബി മുന്നോട്ടു വയ്ക്കുന്ന മാതൃകയുടെ ഒരു അവലംബമാണിത്. ഇതിനോടകം തന്നെ കൂടുതൽ സംസ്ഥാനങ്ങൾ കിഫ്ബി മുന്നോട്ടുവയ്ക്കുന്ന ആശയത്തിൽ വിശ്വാസമർപ്പിച്ച് അതേ മാതൃകയിലുള്ള സംരംഭങ്ങൾ തുടങ്ങുവാൻ താല്പര്യപ്പെട്ടിട്ടുണ്ട്. നിലവിലെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയിൽ കിഫ്ബി എന്ന ആശയം എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നതിന്റെ തെളിവാണ് ഇവയെല്ലാം. നാളത്തെ കേരളത്തെ നിർവചിക്കുന്ന ഒരു സംവിധാനമായി കിഫ്ബി മാറിയിരിക്കുന്നു. ഈ കാലയളവിലെല്ലാം തന്നെ കിഫ്ബിയെ മോശമായി ചിത്രീകരിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധ കോണുകളിൽ നിന്നും ഉണ്ടായിട്ടുണ്ട്. കിഫ്ബി അതിനെല്ലാം മറുപടി നൽകിയത് വിട്ടുവീഴ്ചയില്ലാത്ത അതിന്റെ പ്രവർത്തനമികവിലൂടെയാണ്. പൊതുജനം അർപ്പിച്ച വിശ്വാസം നിലനിർത്തികൊണ്ട് ഏറ്റെടുത്ത പദ്ധതികൾ കൃത്യതയോടും മികവോടും സമയബന്ധിതമായി നടപ്പിലാക്കുക എന്നതാണ് കിഫ്ബിയുടെ ലക്ഷ്യം.

കിഫ്ബിയിൽ ഉൾപ്പെടുത്തിയ പറക്കുന്നം പാലം നിർമ്മാണം

89(99) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ആലത്തൂർ നിയോജക മണ്ഡലത്തിലെ പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള ആലത്തൂർ നിയോജക മണ്ഡലത്തിലെ പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും ഡി.പി.ആർ. കിഫ്ബിയിൽ ലഭിക്കുകയും ആയത് കിഫ്ബി അവലോകന വിഭാഗം പരിശോധിച്ച് സ്ഥലസന്ദർശനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും അത് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് 9-12-2020-ൽ നൽകുകയും ചെയ്തു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ടതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട്